കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

മുഖത്തല ബ്ലോക്ക്പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-കെ.എൽ.എം-ഡി.ബി.456/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
തീയതി. 13/03/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുഖത്തല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :മുഖത്തല ബ്ലോക്ക് പഞ്ചായത്ത് - 2015-16 സാമ്പത്തിക
വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്ററൻറ് ഡെവലപ്പ്മെൻറ് കമ്മീഷണർ, കൊല്ലം.

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-കെ.എൽ.എം-ഡി.ബി.456/2017

തീയതി.13/03/2017

കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക

വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.9.16 മുതൽ 15.2.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി. മിനി.എ.എസ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16.2.2017 മുതൽ 21.2.2017. വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. ജി.സജികുമാർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |

| | | | |
|---|---|---|---|
| | | ശ്രീ.വി.മണിലാൽ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.മനു.കെ.<br>നായർ | സീനിയർ ഗ്രേഡ്<br>ഓഡിറ്റർ |
| | | ശ്രീമതി ഷീജ.ആർ | സീനിയർ ഗ്രേഡ്<br>ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | | അഡ്വ.ആശാ ശ്രീകുമാർ | 1.4.15 മുതൽ<br>31.10.15 വരെ |
| | | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 1.11.15 മുതൽ<br>18.11.15 വരെ |
| | | ശ്രീ.എസ്.രാജീവ് | 19.11.15 മുതൽ<br>31.3.16 വരെ |
| സെക്രട്ടറി | : | ശ്രീ.എം.എസ്.അനിൽകുമാർ | 1.4.15 മുതൽ<br>31.3.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | | മുതൽ വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എൻജിനിയർ | | ശ്രീ.സുനിൽകുമാർ | 1.4.15 മുതൽ<br>31.3.16 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ്<br>അഗ്രിക്കൾച്ചർ | | ശ്രീ.വേണു | 1.4.15 മുതൽ<br>31.3.16 വരെ |
| ഡയറി എക്സ്റ്റൻഷൻ<br>ഓഫീസർ | | ശ്രീമതി.നിഷ.ബി.എസ് | 01.04.15 മുതൽ<br>19.1.15 വരെ |
| | | ശ്രീമതി.പി.എസ്.പ്രസന്ന<br>കുമാരി | 20.1.15 മുതൽ<br>26.1.15 വരെ |
| | | ശ്രീമതി.നിമ്മി അമീർ | 26.1.15 മുതൽ<br>31.3.16 വരെ |
| ശിശുവികസന ഓഫീസർ | | ശ്രീമതി. റംല ബീഗം | 01.4.15 മുതൽ<br>31.5.15 വരെ |

| | | | |
|---|---|---|---|
| | | ശ്രീമതി.സ്മിത .ജി.എൻ | 1.6.15 മുതൽ 26.7.15 വരെ |
| | | ശ്രീമതി.ശിവകല.പി | 27.7.15 മുതൽ 31.3.16 വരെ |
| പട്ടികജാതി വികസന ഓഫീസർ | | ശ്രീ.സുധാകരൻ.വി,എസ് | 1.4.15 മുതൽ 8.12.15 വരെ |
| | | ശ്രീ.സുനിൽ കുമാർ | 9.12.15 മുതൽ 31.12.15 വരെ |
| | | ശ്രീ.എം.ജെ.അരവിന്ദാക്ഷൻ ചെട്ടിയാർ. | 1.1.16 മുതൽ 31.3.16 വരെ |
| സൂപ്രണ്ട്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നെടുമ്പന | | ഡോ.നിർമ്മല | 1.4.15 മുതൽ 31.3.16 വരെ |
| സൂപ്രണ്ട്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മയ്യനാട് | | ഡോ.രാജീവ് | 1.4.15 മുതൽ 31.3.16 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം 2 | |
| 12 | ഇ ടെണ്ടർ നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ട്രാൻസ് ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 2-1 |
| 13 | ഒരേ കാര്യത്തിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ സൂക്ഷിക്കുന്നു. | 2-2 |
| | ഭാഗം 3 | |
| 14 | എസ് .സി .വിദ്യാർത്ഥികൾക്കുള്ള കസേര മുഴുവനും ലഭിച്ചില്ല -85758/-രൂപ നിരാകരിക്കുന്നു. | 3-1 |
| 15 | ഫർണ്ണിച്ചർ വാങ്ങൽ- സിഡ്കോയ്ക്ക് കൂടിയ നിരക്ക് നൽകി- 35,221/- രൂപയുടെ നഷ്ടം. | 3-2 |
| 16 | കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചു - 9195/- രൂപ നിരാകരിക്കുന്നു, | 3-3 |
| 17 | സബ്സിഡി മാർഗ്ഗ രേഖക്ക് വിരുദ്ധമായി നൽകിയ ആനുകൂല്യം നിരാകരിക്കുന്നു-20000/-രൂപ | 3-4 |
| 18 | പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുന്നതിനായ് ക്ലസ്റ്റർ കൃഷി നഴ്സറികൾക്ക് തുക നല്കിയതു സബ്സിഡി മാർഗ്ഗരേഖയക്ക് വിരുദ്ധം -153512/-രൂപ നിരാകരിക്കുന്നു. | 3-5 |
| 19 | സിഡ്കോയിൽ നിന്നും ഫർണ്ണിച്ചർ വാങ്ങിയതിൽ കുറവ് -11,354/-രൂപയുടെ നഷ്ടം. | 3-6 |
| 20 | മരാമത്ത് പ്രവത്തികൾ കരാറിലെ വ്യവസ്ഥകൾ പാലിക്കാതെ പൂർത്തീകരണ കാലാവധി നീട്ടിക്കൊടുക്കുന്നു. | 3-7 |
| 21 | ബോട്ട് ജെട്ടി കമ്പനി തോട് സൈഡ് വാൾ നിർമ്മാണം 78440 രൂപ നിരാകരിക്കുന്നു | 3-8 |
| 22 | കരാർ വയ്ക്കുന്നതിന് താമസിച്ചവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല, ,പഞ്ചായത്ത് ഫണ്ടിന് 78741/- രൂപയുടെ നഷ്ടം | 3-9 |
| 23 | പിഴ ഈടാക്കിയതിൽ കുറവ്-64609/- രൂപയുടെ നഷ്ടം | 3-10 |
| 24 | നെടുമ്പന സി.എച്ച്.സി. യ്ക്ക് മരുന്ന് വാങ്ങൽ- 2,60,562/-രൂപയുടെ മരുന്നുകൾ ലഭിച്ചില്ല. | 3-11 |
| 25 | പൈപ്പ് ലൈൻ നീട്ടൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ. | 3-12 |

| | | |
|---|---|---|
| 26 | ടെണ്ടർ ക്ഷണിക്കാതെ സിഡ്കോയിൽ നിന്നും പ്ലാസ്റ്റിക് കസേര വാങ്ങി- 25,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-13 |
| 27 | നെൽകൃഷി വികസനത്തിനായി കൂലി ചെലവ് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല -133200/-രൂപ തടസ്സപ്പെടുത്തുന്നു | 3-14 |
| 28 | ശരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നല്കിയതിന്റെവിനിയോഗസാക്ഷ്യപത്രം, രേഖകൾ ഹാജരാക്കിയില്ല -220000/-രൂപ തടസപ്പെടുത്തുന്നു | 3-15 |
| 29 | രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു. | 3-16 |
| | ഭാഗം 4 | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



## ഭാഗം 1

### പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 2.3.15 തീയതിയിലെ 1ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 2.7.16 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 18.2.17 | |

ന്യൂനതകൾ

1.മുൻവർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.

2.ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെപ്രോജക്ടുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി,ക്ഷേമനിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

4.നിരതദ്രവ്യമിനത്തിലെ ലാപ്സ്ഡ് ഡെപ്പോസിറ്റായി 51337/-രൂപ വരവ് വന്നിട്ടുള്ളതായി വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകയുടെ ആധികാരികത ബോധ്യപ്പെടുത്തിയിട്ടില്ല

5.ലേലഡയറി, ലേല രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ലേലമിനത്തിൽ വരവു വന്ന 22386/-രൂപയുടെ കൃത്യത ബോധ്യപ്പെടുത്തിയിട്ടില്ല

6.own fund നായി സിൻഡിക്കേറ്റ് ബാങ്കിലും നോർത്ത് മലബാർ ബാങ്കിലുമായി രണ്ട് വ്യത്യസ്ത അക്കൗണ്ടുകളും, MPLAD യ്ക്കായി കാനറാ ബാങ്കിലും നോർത്ത് മലബാർ ബാങ്കിലുമായി രണ്ട് വ്യത്യസ്ത അക്കൗണ്ടുകളും സൂക്ഷിച്ചിരിക്കുന്നു.

7.ക്ലോസ്സിംഗ് സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32387193 |
| വരവ് | 125101097 |
| ആകെ | 157488290 |
| ചെലവ് | 118327760 |
| നീക്കിയിരിപ്പ് | 39160530 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 11731134 | 239369925 | 35668059 | 35668059 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2221565 | 14810102 | 17031667 | 17031667 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 24339 | 41961 | 66300 | 66300 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2132574 | 2216904 | 4349478 | 4349478 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 9262 | 97262 | 97262 | 0 | 100 |
| എം.എൻ.ആർ.ജി.എസ് | | | | | | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശത മാനം |
|---|---|---|---|---|---|---|
| 83 | 69315671 | 62 | 57084242 | - | 21 | 80 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 95ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | 0 |
| നികുതിയേതര വരവുകൾ | 126212 | 124623 | -1589 | |
| മറ്റുവരവുകൾ | 0 | 3002251 | +3002251 | |
| ആകെ | 126212 | 3126874 | +3000662 | +95 |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.2.17ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലായെന്ന് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചുവരുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലേല രജിസ്റ്റർ എന്നിവ സൂക്ഷിച്ചുവരുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2.9.15 മുതൽ 15.9.15 വരെ | 2015-16 | 2.6.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.1.14 | 2010 മുതൽ 2012-13 വരെ | 11.3.14 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ ടെണ്ടർ നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല.

ഇ ടെണ്ടർ നടത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തുന്നത്. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ താഴെക്കൊടുത്തിരിക്കും പ്രകാരം തുക കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ട്.

| സാമ്പത്തിക വർഷം | തുക (രൂപ) |
|---|---|
| 2014-15 | 175750 |
| 2015-16 | 139800 |
| ആകെ | 315550 |

ടെണ്ടർ ഫാറവില, വാറ്റ്, എന്നീ ഇനങ്ങളിലായി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവരുത്തിയിരിക്കുന്ന 315550 രൂപ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ തനത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഇതിൽ വാറ്റ് ഇനത്തിൽ വരവുള്ള തുക സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തേണ്ടതുമാണ്.

## 2-2 ഒരേ കാര്യത്തിന് ഒന്നിൽ കൂടുതൽ അക്കൗണ്ട് സൂക്ഷിക്കുന്നു

Dated : **21-02-2017**

ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ട് നിക്ഷേപിക്കുന്നതിനായി സിൻഡിക്കേറ്റ് ബാങ്ക്, കുണ്ടറയിലും(അക്കൗണ്ട് നമ്പർ.45022200027941) കേരള ഗ്രാമീൺ ബാങ്ക്, കണ്ണനല്ലൂർ (അക്കൗണ്ട് നമ്പർ.40615100001430) എന്നിവിടങ്ങളിലായി രണ്ട് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു. കൂടാതെ എം.പി(എൽ.എ.ഡി) എന്ന അക്കൗണ്ടിനായി കാനറാ ബാങ്ക്,കണ്ണനല്ലൂർ(അക്കൗണ്ട് നമ്പർ.0999101066439) ലും കേരള ഗ്രാമീൺ ബാങ്ക്, കണ്ണനല്ലൂർ (അക്കൗണ്ട് നമ്പർ.40615100001429) ലുമായി രണ്ട് അക്കൗണ്ടുകൾ നിലനിൽക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ തനതു ഫണ്ട്, എം.പി(എൽ.എ.ഡി) എന്ന അക്കൗണ്ടുകൾക്കായി ഓരോ അക്കൗണ്ടുകൾ മാത്രം നിലനിർത്തികൊണ്ട് മറ്റേ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ് .സി .വിദ്യാർത്ഥികൾക്കുള്ള കസേര മുഴുവനും ലഭിച്ചില്ല -73053/-രൂപ നിരാകരിക്കുന്നു.

പ്രോജെക്ട് നം:S30/16

ബിൽ നമ്പർ:3/15-16/27.02.16

എസ് .സി .പി .ഫണ്ട് :8000000/-രൂപ

നിർവഹണ ഉദ്യോഗസ്ഥൻ :പട്ടികജാതി വികസന ഓഫീസർ.

മുഖത്തല ബ്ലോക്കിന്റെ പരിധിയിൽ ഉള്ള എസ് .സി .വിദ്യാർത്ഥികൾക്ക് പഠന സൗകര്യം മെച്ചപ്പെടുന്നതിന് വേണ്ടി 200 മേശകളും,200 കസേരകളും വാങ്ങിയതിന് DDno.98187/19.04.16(invoice no.sseklm0162/31.07.15)പ്രകാരം8000000/- രൂപ സിഡ്കോയക്ക് നല്കിയിട്ടുണ്ട്.

<u>കസേര വാങ്ങിയവിവരം ചുവടെ ചേർക്കുന്നു</u> .

സ്റ്റീൽ സ്റ്റഡിചെയർ, 200nos റേറ്റ് :693.50/- വാറ്റ് :14,5%

ബിൽ തുക :138700/- വാറ്റ് 20111.5/-

ആകെ :158811.50/-രൂപ

എന്നാൽ സിഡ്കോയിൽ നിന്നും108 കസേരകൾ,200മേശകൾ എന്നിവ മാത്രമാണ് ലഭിച്ചത് (കൈപ്പറ്റ് രസീത് പ്രകാരം) മേശയുടെയും,കസേരയുടെയും സ്റ്റോക്ക് വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. ലഭ്യമാകാനുള്ള കസേരയുടെ വിവരം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം (നമ്പർ 3/18.02.17)നല്കിയതിനു നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല .ആയതിനാൽ താഴെ പറയും പ്രകാരം ലഭ്യമാകാനുള്ള 92 കസേരകൾക്ക് നൽകിയ തുക നിരാകരിക്കുന്നു.

കസേരയുടെ എണ്ണം :92

നിരക്ക് :693.5/-

തുക :63802/-

വാറ്റ് :9251/-

ആകെ :73053/-രൂപ

ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും 73053/-രൂപ ഈടാക്കേണ്ടതാണ്.

## 3-2 <u>ഫർണ്ണിച്ചർ വാങ്ങൽ- സിഡ്കോയ്ക്ക് കൂടിയ നിരക്ക് നൽകി- 35,221/- രൂപയുടെ നഷ്ടം.</u>

1.പ്രോജക്റ്റ് നം. :17/16

1.എസ്റ്റിമേറ്റ് : 2,50,000(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)

ചെലവ് : 2,06,809/-രൂപ

ബിൽ നം. : 3/15-16/26.2.2016

2.പ്രോജക്റ്റ് നം. :8/16

1.എസ്റ്റിമേറ്റ് : 50,000/-രൂപ((മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്)

ചെലവ് : 43,229/-രൂപ

ബിൽ നം. : 4/15-16/26.2.2016

സിഡ്കോയിൽ നിന്നുള്ള ഫർണ്ണീച്ചറുകളുടെ വില്പനവില 28.5.2015-ലെ ജി.ഒ.(ആർ.ററി.)നം.26/15/എസ്.പി.ഡി. പ്രകാരം നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം.17/16 (വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണ്ണിച്ചർ), പ്രോജക്റ്റ് നം. 8/16(സി.എച്ച്.സി.-യ്ക്ക് ഫർണ്ണിച്ചർ) എന്നിവ പ്രകാരംവാങ്ങിയ താഴെ പറയുന്ന ഫർണ്ണിച്ചറുകൾക്ക് ടി സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിനേക്കാൾ കൂടിയ നിരക്ക് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | ഇനം | എണ്ണം | അംഗീകരിച്ച നിരക്ക് | നൽകിയ നിരക്ക് | 14.50% വാറ്റുൾപ്പടെ അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 1. | 17/16 | Steel cabinet with locker(198*90*48 cm) | 8 | 8266 | 9916 | 15,114 |
| 2. | -ടി- | Steel table with 3 drawers and one cupboard with laminated board top(180*90*75 cm) | 4 | 7759 | 8785 | 4,700 |
| 3. | -ടി- | Steel slotted angle | 4 | 3920 | 4558 | 2,922 |

| | | | | | | |
|---|---|---|---|---|---|---|
| | | rack(180*90*38 cm) | | | | |
| 4. | -ടി- | Executive high back revolving chair | 2 | 8024 | 11868 | 8,803 |
| 5. | 8/16 | Steel cabinet with 4 fixed shelves(198*90*48 cm) | 2 | 7791 | 9399 | 3,682 |
| | | ആകെ | | | | 35,221 |

അധിക നിരക്ക് നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.4/17.2.2017)- ക്ക് ജി.ഒ.(ആർ.ടി.)നം.34/2016/എസ്.പി.ഡി പ്രകാരമുള്ള നിരക്കാണ് നൽകിയതെന്ന് പറയുന്നു. എന്നാൽ ഈ ഉത്തരവ് ഓഡിറ്റ് കാലയളവിൽ ബാധകമല്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. നഷ്ടം വന്ന 35,221/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 <u>കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചു- 9195/- രൂപ നിരാകരിക്കുന്നു.</u>

ഇതുപ്രകാരം അനുവദനീയമായ നിരക്ക് ഡി.എസ്.ആർ, 2014 കോഡ് 4.1.3 പ്രകാരം 1:2:4 കോൺക്രീറ്റ് പ്രവൃത്തിക്ക് കരാറുകാർ മുഖേന നിർവ്വഹണം നടത്തുമ്പോൾ അനുവദനീയമായ അടിസ്ഥാന നിരക്ക് 5466.30 ആണ്. ആയതിനെ നിലവിലെ കോസ്റ്റ് ഇൻഡെക്സ് കൊണ്ടു ഗുണിക്കുമ്പോൾ അനുവദനീയമായ നിരക്ക് ലഭിക്കുന്നു. കൊല്ലം ജില്ലയിൽ 1.1.2015 -ൽ പ്രാബല്യത്തിലുള്ള കോസ്റ്റ് ഇൻഡെക്സ് 1.419 ആണ് .

5466.30X1.4190 = 7756.68/cum. ആണ്.

എന്നാൽ ടി പ്രവൃത്തിക്ക് 8002.23/cum നിരക്കിൽ അനുവദിച്ചിരിക്കുന്നു. ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം താഴെ ക്കൊടുത്തിരിക്കും പ്രകാരം അധികം തുക നല്കിയിരിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | അളവ് | അനുവദനീയ നിരക്ക്, തുക | നല്കിയ നിരക്ക് തുക | അധികം നല്കിയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പ്രവൃത്തി-അമ്പനാട്ടിൽ മുക്ക് മുതിരകുളം റോഡ് പുനരുദ്ധാരണം (പ്രോ.നം-25/16)<br>കരാറുകാരൻ- ശ്രീ. ജി വിജയൻ പിള്ള<br>കരാർ-21/2015-16 /AEE/LSGD'03-08-2015<br>അളവ് പുസ്തകം-27/ 15-16<br>ബിൽ നം,15 /15-16 തീ 18-01-16, തുക 857329രൂപ | 16.25 | 7756.68/cum<br>126046 | 8002.23/ cum<br>130036 | 3990 |
| 2 | പ്രവൃത്തി-പോളക്കര നവ ജീവൻ റോഡ്<br>(പ്രോ.നം-26/16)<br>കരാറുകാരൻ- ശ്രീ. എസ് .നിസാം<br>കരാർ-1/2015-16 /AEE/LSGD'03-08-2015<br>അളവ് പുസ്തകം-43/15-16<br>ബിൽ നം,17 /15-16 തീ 28-01-16, തുക 433575രൂപ | 17.6 | 7756.68/cum<br>136518 | 8002.23/ cum<br>140839 | 4321 |

| | | | | | |
|---|---|---|---|---|---|
| 3 | പ്രവൃത്തി- മുഖത്തല ക്ഷേത്രം പടിഞ്ഞാറേ നട റോഡ്<br>(പ്രോ.നം-20/16)<br>കരാറുകാരൻ- ശ്രീ. ടി. സന്തോഷ് കുമാർ<br>കരാർ-17/2015-16 /AEE/LSGD'18-08-2015<br>അളവ് പുസ്തകം-59/ 15-16<br>ബിൽ നം,37 /15-16 തീ 21-03-16, തുക 477480/-രൂപ | 3.6 | 7756.68/cum<br>27924 | 8002.23/ cum<br>28808 | 884 |
| | | | ആകെ | | 9195 |

ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം -7 തീ 20-02-2017) അംഗീകൃത ഒബ്സർവ്ഡ് ഡേറ്റ പ്രകാരമാണ് നിരക്ക് തയ്യാറാക്കിയിട്ടുള്ളത് എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. ആയത് അംഗീകരിക്കുന്നില്ല. അതിനാൽ അധികം നല്കിയിട്ടുള്ള 9195/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## **3-4** സബ്സിഡി മാർഗ്ഗ രേഖക്ക് വിരുദ്ധമായി നൽകിയ ആനുകൂല്യം നിരാകരിക്കുന്നു-**20000/-**രൂപ

പ്രോജക്ട് നമ്പർ:S0065/16

ബിൽ നമ്പർ:16/15-16/22.3.16

വികസന ഫണ്ട് :500000/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജ്ജൻ

1.തൃക്കോവിൽ വട്ടം വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ പൊതുവിഭാഗക്കാർക്കുള്ള ആട് വിതരണ പദ്ധതിയിൽ സ .ഉ (എം.എസ്) നമ്പർ 362/2013/ ത.സ്വ.ഭ.വ, തിരുവനന്തപുരം / 16.11.13 ന് വിരുദ്ധമായി അധിക സബ്സിഡി തുക അനുവദിച്ച് നല്കിയതിലൂടെ 20000/-രൂപയുടെ നഷ്ടം സംഭവിച്ചു.

2.പൊതുമാർക്കറ്റിൽ നിന്നും ടെൻഡർ മുഖേനെ ഒരു വയസ്സ് മുതൽ രണ്ട് വയസ്സ് വരെ പ്രായം ഉള്ള 17 കിലോഗ്രാം മുതൽ 22 കിലോഗ്രാം വരെ തൂക്കമുള്ള 200 ആടുകളെ 40 കുടുംബശ്രീ യൂണിറ്റുകൾക്കായ് വിതരണം ചെയ്ത പദ്ധതിയിൽ ഗുണഭോക്തൃ വിഹിതമായി 500000/- രൂപയും പ്ലാൻ ഫണ്ടിൽ നിന്നും 500000/-രൂപ ഉൾപ്പടെ 1000000/-രൂപയാണ് ചെലവഴിച്ചത്.ശ്രീ .ഷൌക്കത്ത് പാങ്ങളിൽഫാം,അഞ്ചൽ എന്ന കരാകാറുകാരന്റെ ഒരു വയസ്സ് മുതൽ രണ്ട് വയസ്സ് വരെ പ്രായം ഉള്ള 17 കിലോഗ്രാം മുതല് 22 കിലോഗ്രാം വരെ തൂക്കമുള്ള ഒരു ആടിന് 5000/-രൂപ എന്ന ടെൻഡർ ആണ് അംഗീകരിച്ചത്.

ഗ്രൂപ്പ് സംരംഭങ്ങൾ നിർബന്ധമായും വായ്പ അധിഷ്ഠിതമായിരിക്കണം എന്ന മാർഗ്ഗ രേഖക്ക് വിരുദ്ധമായി മുഖത്തല ബ്ലോക്കിലെ തെരഞ്ഞെടുത്ത 40 കുടുംബശ്രീ യൂണിറ്റുകളിലേയും 5 അംഗങ്ങൾക്കു വീതം നേരിട്ടാണ് ആടിനെ വിതരണം ചെയ്തിട്ടുളളത്.

ഗ്രൂപ്പ് സംരംഭങ്ങളിൽ 10 -ൽ കുറഞ്ഞു അംഗങ്ങൾ ആണെങ്കിൽ ധന സഹായം എണ്ണത്തിന്റെ കുറവിന് അനുപാതികമായി ധനസഹായ തുകയിൽ കുറവ് വരുത്തണമെന്നും,പരമാവധി സബ്സിഡി ഒരു യൂണിറ്റിന് 120000/-രൂപ ആണ് സബ്സിഡി മാർഗ്ഗ രേഖ പ്രകാരം നല്കേണ്ടതുമെന്നാണ്.

ആയതിൻ പ്രകാരം 5 അംഗങ്ങൾ വീതമുള്ള ഒരു യൂണിറ്റിന് ആനുപാതികമായി 120000/10x5=60000/-ആണ് നൽകേണ്ടത്.അതായത് ഒരു യൂണിറ്റിന് പരമാവധി സബ്സിഡി 60000/5=12000/-രൂപ കണക്കെ 40 യൂണിറ്റുകൾക്കായ് 40x12000=480000/-രൂപ നൽകിയാൽ മതിയായിരുന്നു. എന്നാൽ ആകെ 500000/-രൂപ സബ്സിഡി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് ആന്വേഷണകുറിപ്പ്( 9/21.02.17)നൽകിയതിന് പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ മൂലവും, വെറ്റിങ് ഓഫീസർ അംഗീകാരം നല്കിയതിനാലും, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17)സബ്സിഡിയും

അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ രേഖ ജി.ഓ (എം.എസ്.no .248/12/ത.സ്വ .ഭ വ / 29.09.12) പ്രകാരമാണ് പദ്ധതി രൂപീകരിച്ചതെന്നുമുള്ള മറുപടിയാണ് നൽകിയത്. സബ്സിഡി മാർഗ രേഖ (എം.എസ് )നമ്പർ 362/2013/ ത.സ്വ.ഭ.വ തിരുവനന്തപുരം /16.11.13 ന് വിരുദ്ധമായി പദ്ധതിനടപ്പിലാക്കിയതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല.അധികം നൽകിയ സബ്സിഡി തുകയായ 20000/- (500000-480000)രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തിരികെ ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

**3-5** പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുന്നതിനായ് ക്ലസ്റ്റർ കൃഷി - നഴ്സറികൾക്ക് തുക നല്കിയതു സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം **-153512/-**രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ:32/16

ബിൽ നമ്പർ:1/15-16/30.09.15,73134/- രൂപ

:3/15-16/25.01.16,65048/- രൂപ

:5/15-16/29.03.16,15330/- രൂപ

വികസന ഫണ്ട് :153512/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി അസിസ്റ്റന്റ് ഡയറക്ടർ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശ്വസ്വയംഭരണം സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗ രേഖ സ .ഉ .(എം.എസ് )നമ്പർ 362/2013/ത.സു.ഭ.വ / 16.11.13 പ്രകാരം പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുന്നതിനായി ക്ലസ്റ്റർ കൃഷി നഴ്സറികൾക്ക് സബ്സിഡി അനുവദനീയമല്ല എന്നിരിക്കെ ടി.പ്രോജക്ടിന് വേണ്ടി ചെലവഴിച്ച തുക നിരാകരിക്കുന്നു.

ഇളമ്പള്ളൂർ, കൊറ്റങ്കര, മയ്യനാട്, തൃക്കോവിൽവട്ടം, നെടുമ്പന എന്നീ പഞ്ചായത്തുകളിലെ പച്ചക്കറി ക്ലസ്റ്റർകൾക്കാണ് വിത്തുകൾ, വളങ്ങൾ, ട്രേകൾ, പോളിത്തീൻ ഷീറ്റുകൾ, ഷെഡ് നെറ്റുകൾ, മൺവെട്ടികൾ, ഗാർഡൻ റാക്കുകൾ, തുടങ്ങിയ ഐറ്റങ്ങൾ വാങ്ങാനായി തുക നൽകിയിരിക്കുന്നത് .

ഗുണമേന്മ ഉള്ള 5 ലക്ഷം പച്ചക്കറിത്തൈകൾ 5 വികേന്ദ്രിക പച്ചക്കറി നഴ്സറി ടി

വഴി പ്രാദേശികമായി ഉല്പാദിപ്പിക്കുകയായിരുന്നു ലക്ഷ്യം. എന്നാൽ പരിശോധനക്ക് ലഭ്യമാക്കിയ ഫയലിൽ തൃക്കോവിൽവട്ടം വെജിറ്റബിൾ ക്ലസ്റ്റർ ആകെ 40000 എണ്ണം പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ചതായുള്ള മയ്യനാട് കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തൽ മാത്രമാണ് ഉള്ളത്. മാത്രവുമല്ല ബാക്കിയുള്ള പച്ചക്കറി ക്ലസ്റ്റർസ് പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ചതോ, അവ വിതരണം ചെയ്തോ എന്നത് രേഖകൾ ഫയലിൽ ലഭ്യമല്ല തൃക്കോവിൽവട്ടം, നെടുമ്പന എന്നീ ക്ലസ്റ്റർകൾക്ക് നൽകിയ തുകയുടെ വിനിയോഗ്യാസാക്ഷ്യപത്രം മാത്രമാണ് ഫയലിൽ ഉള്ളത്. മാർഗ്ഗ രേഖ പ്രകാരം സബ്സിഡി അനുവദനീയമല്ലാത്ത ഐറ്റംകൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട് .ഉദാ :പോർട്ട് ട്രേ എന്ന ഐറ്റത്തിന് 50% സബ്സിഡി ആണ് അനുവദിച്ചുനൽകിയിരിക്കുന്നത്. ഇത്തരത്തിൽ ഉത്തരവുകൾക്ക് വിരുദ്ധമായി ചെലവഴിച്ച തുകയ്ക്ക് അനുസൃതമായി ഭൗതികനേട്ടം പോലും കൈവരിക്കാൻ പദ്ധതിക്ക് സാധിച്ചില്ല. കൃഷി വകുപ്പ് തന്നെ ഇത്തരം ക്ലസ്റ്ററുകൾ വഴി പച്ചക്കറി തൈകൾ ഉൽപാദിക്കുന്നതിനായുള്ള പ്രൊജക്ട് നടപ്പിലാക്കുന്ന സാഹചര്യത്തിലും, സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി നടപ്പിലാക്കിയ പ്രൊജക്റ്റ് എന്ന നിലയ്ക്കും ക്ലസ്റ്റർ കൃഷി നേഴ്സറികൾക്ക് നൽകിയ 153512/- രൂപ നിരാകരിക്കുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് എന്ക്വയറി (നം.10/21.02.17-1) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-6 <u>സിഡ്കോയിൽ നിന്നും ഫർണ്ണീച്ചർ വാങ്ങിയതിൽ കുറവ് -11,354/-രൂപയുടെ നഷ്ടം.</u>

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം. 17/16(വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണ്ണീച്ചർ) പ്രകാരം വിവിധയിനം ഫർണ്ണീച്ചർ വാങ്ങിയതിന് സിഡ്കോയ്ക്ക് ബിൽ നം. 3/15-16/26.2.2016 മുഖേന 2,06,809/- രൂപ നൽകിയിട്ടുണ്ട്. ഇതിൽ 8 സ്റ്റീൽ അലമാരകൾക്ക് (steel cabinet with locker-198*90*48 cm) നികുതിയുൾപ്പടെ 11,354/- രൂപ നിരക്കിൽ 90,832/- രൂപ നൽകിയെങ്കിലും 7 എണ്ണം മാത്രമേ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുള്ളൂ. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/17.2.2017) -യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഒരു സ്റ്റീൽ അലമാരയുടെ വിലയായ 11354/- രൂപ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി കണക്കാക്കുന്നു. നഷ്ടം വന്ന 11,354/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 പിഴ ഈടാക്കിയതിൽ കുറവ്,64609 രൂപയുടെ നഷ്ടം

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥ 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത് കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം കൂടി പിഴ ഇല്ലാതെ അനുവദിക്കുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ കരാർ തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടിവരുന്ന ഓരോ മൂന്നുമാസത്തിനും കരാർ തുകയുടെ 2% വീതം പിഴചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടിക്കൊടുക്കുകയുള്ളൂ. എന്നാൽ മുഖത്തല ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെ 25-01-2016 ലെ തീരുമാനം XVI പ്രകാരം 2014-15 സാമ്പത്തിക വർഷത്തിലെ 3 സ്പിൽ ഓവർ പ്രവൃത്തികളും 2015 -16 സാമ്പത്തിക വർഷത്തിലെ 19 പ്രവൃത്തികളും ഉൾപ്പെടെ 22 പ്രവൃത്തികളുടെ പൂർത്തീകരണ സമയം പ്രതികൂല കാലാവസ്ഥ മൂലം സമയ ബന്ധിതമായി ചെയ്യാൻ കഴിയാത്തതിനാൽ എന്ന കാരണത്താൽ കരാർ കാലാവധി 2016 മാർച്ച് 31 വരെ നീട്ടിക്കൊടുത്തു. . സമയ ബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിപ്പിക്കുന്നതിനു പകരം അനിശ്ചിതമായി പ്രവൃത്തികൾ നീട്ടിക്കൊണ്ടുപോകുന്നതിന് സഹായകരമായ നിലപാടുകൾ പഞ്ചായത്തു കമ്മറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത് അഭിലഷണീയമായ പ്രവണതയല്ല.

1) മരാമത്ത് പ്രവൃത്തികളിൽ കരാറിൽ ഏർപ്പെടേണ്ടത് 2012ൽ പരിഷ്കരിച്ച പൊതു മരാമത്ത് മാനുവലിലെ വ്യവസ്ഥകൾ പ്രകാരം ആകേണ്ടതാണ്.

എന്നാൽ പരിഷ്കരണ പൂർവ മാനുവലിലെ വ്യവസ്ഥകൾ പ്രകാരമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്.

2)താഴെക്കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ നിന്നും പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാതിരുന്നതിൽ ഈടാക്കിയിട്ടുള്ള പിഴയിൽ കുറവ് ഉണ്ടായിട്ടുണ്ട്.

പ്രവൃത്തിയുടെ പേര്- സൗപർണ്ണികാ കാഷ്യൂ ഫാക്ടറിമുതൽ പുതുച്ചിറ ലക്ഷംവീട് കോളനിവരെ റോഡ് റീ ടാറിംഗ്

കരാറുകാരൻ ശ്രീ. ജി രാധാ കൃഷ്ണ പിള്ള

കരാർ നം-14/14-15/AEE/MBP/LSGD/14-15 ,18-02-2015

പൂർത്തീകരിക്കേണ്ട തീയതി-26-03-2015

പ്രവൃത്തി പൂർത്തീകരിച്ച തീയതി- 21-12-2015

അടങ്കൽ തുക-900000 രൂപാ,കരാർ തുക-774000 രൂപാ

ഈടാക്കേണ്ടുന്ന പിഴ

| | | |
|---|---|---|
| 27-03-2015മുതൽ | 02-04-2015 വരെ | ഇല്ല |
| 03/04/15 മുതൽ | 02-07-2015 വരെ | 1%-7740 രൂപ |
| 03/07/15 | 02/10/15 | 2%-15480 |
| 03/10/15 | 15-12-2015 (80 ദിവസം) | 2%-13760 |
| | ആകെ | 36980 രൂപ |

ഈടാക്കിയ പിഴ-7740

പിഴ ഈടാക്കിയതിലെ കുറവ് 36980-7740 =29240 രൂപാ

1.ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് കരാറുകാരന് 24-02-2015, 23-03-2015, 06-04-2015,07-07-2015, 26-08-2015 എന്നീ തീയതികളിൽ കത്തു നല്കിയതായി കാണുന്നു.

<u>പ്രവൃത്തിയുടെ പേര്- പാമ്പൂരം ഏലാ പെരിഞ്ഞേലി റോഡ് റീ ടാറിംഗ് – കോൺക്രീറ്റിംഗ്</u>

കരാറുകാരൻ -ശ്രീ. ബി വിക്രമൻ

കരാർ നം-7/14-15/AEE/MBP/LSGD/14-15 ,20-01-2015

പൂർത്തീകരിക്കേണ്ട തീയതി-26-03-2015

പ്രവൃത്തി പൂർത്തീകരിച്ച തീയതി- 30-01-2016

അടങ്കൽ തുക-954960 രൂപാ,കരാർ തുക-780203 രൂപാ

ഈടാക്കേണ്ടുന്ന പിഴ

| | | |
|---|---|---|
| 27-03-2015മുതൽ | 06-04-2015 വരെ | ഇല്ല |
| 07/04/15 | 06/07/15 | 1%-7802 രൂപ |
| 07/07/15 | 06/10/15 | 2%-15604രൂപ |
| 07/10/15 | 06/01/15 | 2%-15604രൂപ |

| | | |
|---|---|---|
| 07/01/15 | 30-01-2015<br>(24 ദിവസം) | 2%--4161രൂപ |
| | ആകെ | 43171 രൂപ |

ഈടാക്കിയ പിഴ-7802 രൂപ

പിഴ ഈടാക്കിയതിലെ കുറവ് 43171- 7802= 35369/- രൂപ

ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് കരാറുകാരന് 24-02-2015, 23-03-2015, 06-04-2015,07-07-2015, 26-08-2015 എന്നീ തീയതികളിൽ കത്തു നല്കിയതായി കാണുന്നു.

രണ്ടു പ്രവൃത്തികളിലുമായി പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന (29240+35369)64609/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ, പിഴ ഈടാക്കുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-8 ബോട്ട് ജെട്ടി കമ്പനി തോട് സൈഡ്വാൾ നിർമ്മാണം 78440/- രൂപ നിരാകരിക്കുന്നു

പ്രവൃത്തിയുടെ പേര്-ബോട്ടുജെട്ടി കമ്പനി തോട് സൈഡ് വാൾ

കരാർ-18/2015-16/AEE/LSGD/dt-20-08-2015

കരാറുകാരൻ- ശ്രീ .എസ്.നിയാസ്, പാറവിളപുത്തൻ വീട് , നെടുമ്പന (5.6% കുറവ്)

അളവു പുസ്തകം-58/15 അടങ്കൽ തുക-1000000 രൂപാ

ബിൽ- 35/15-16/ dt30-03-2016 ,927323രൂപാ

ഒരു കലുങ്ക് നിർമ്മിക്കുന്നതിനും,128 മീ നീളത്തിൽ തോടിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനും വേണ്ടി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിലെ ഇനം 5 പ്രകാരം താഴെക്കൊടുത്തിരിക്കുന്ന പ്രകാരം പാറ അടുക്കൽ പ്രവൃത്തി (Dry rubble masonry) നിർവ്വഹിക്കേണ്ടതാണ്.

സൈഡ് പ്രൊട്ടക്ഷൻ ഫൗണ്ടേഷൻ-2x128x0.70x0.50 =89.6ഘ.മീ.

സൈഡ് പ്രൊട്ടക്ഷൻ ബേയ്സ്മെന്റ്-2X128(0.6+0.5)/2X1=140.80 ഘ.മീ.

ആകെ =230.4 ഘ.മീ.

ആളവു പുസ്തക ത്തിലെ രേഖപ്പെടുത്തൽ പ്രകാരം സംരക്ഷണഭിത്തി 114.75 മീ. നീളത്തിലാണ് നിർമ്മിച്ചിട്ടുള്ളത്. വിശദവിവരം താഴെക്കൊടുക്കുന്നു.

<u>സൈഡ് പ്രൊട്ടക്ഷൻ ഫൗണ്ടേഷൻ ( അളവു പുസ്തകം, 58/15 പേജ് നം.-3)</u>

2x11x0.7x0.5=7.7

2x30x0.7x0.5=21

2x20x0.7x0.5=14

2x17.25x0.7x0.5=12.07

1x2x0.7x0.5=0.7

2x17x0.7x0.5=11.9

2x17.5x0.7x0.5=12.25

ആകെ-79.62 ഘ.മീ.

<u>സൈഡ് പ്രൊട്ടക്ഷൻ ബേയിസ് മെന്റ്( അളവു പുസ്തകം പേജ് നം.-7)</u>

2x11x(0.6+0.5)/2x1.2=14.52

2x30x(0.6+0.5)/2x1.2=39.6

2x20x(0.6+0.5)/2x1.2=26.4

2x17.25x(0.6+0.5)/2x1.2=22.77

1x2x(0.6+0.5)/2x1.2=1.32

2x17x(0.6+0.5)/2x1.15=21.5

2x17.5x(0.6+0.5)/2x1.15=22.13

ആകെ-148.24 ഘ.മീ

( ആകെ 79.62+148.24=227.86,3595.55/ഘ.മീ പ്രകാരം 819282രൂപാ നല്കിയിട്ടുണ്ട്)

സാങ്കേതികാനുമതി പ്രകാരം 128മീ നീളത്തിലാണ് സംരക്ഷണഭിത്തി നിർമ്മിക്കേണ്ടത്. സൈഡ് പ്രൊട്ടക്ഷൻ ബേയ്സ്മെന്റ് ഒരു മീറ്റർ ഉയരത്തിലാണ് നിർമ്മിക്കേണ്ടിയിരുന്നത്. എന്നാൽ 114.75 മീ.നീളത്തിൽ മാത്രം സംരക്ഷണഭിത്തി നിർമ്മിക്കുകയും സൈഡ് പ്രൊട്ടക്ഷൻ ബേയ്സ്മെന്റ്

1.2 മീറ്റർ ഉയരത്തിൽ നിർമ്മിക്കുകയും ചെയ്തിരിക്കുന്നു. രേഖകൾ പരിശോധിച്ചതിൽ ഇപ്രകാരം സംരക്ഷണഭിത്തിയുടെ നീളം കുറയ്ക്കുകയും ഉയരം കൂട്ടുകയും ചെയ്തതിന് കാരണങ്ങളൊന്നും തന്നെ രേഖപ്പെടുത്തുകയോ , പരിഷ്കരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. ആയതിനാൽ സൈഡ് പ്രൊട്ടക്ഷൻ ബേയിസ് മെന്റിന് അനുവദനീയമായ പ്രവൃത്തിയുടെ അളവ് താഴെക്കൊടുക്കുന്നു.

2x112.75x(0.6+0.5)/2x1=124.03

1x2x(0.6+0.5)/2x1=1.1

ആകെ=125.13

അധികം ചെയ്ത പ്രവൃത്തി=148.24-125.13=23.11ഘ.മീ

അധികം നല്കിയ തുക=23.11x3595.55=83093രൂപാ

(-)ടെണ്ടർ കുറവ് (5.6%)=4653

അധികം നല്കിയ തുക=78440

ഇപ്രകാരം തുക അധികം നല്കിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിന് എന്തെങ്കിലും വിശദീകരണം നല്കുവാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (06 /20-02-2017) സമീപവാസികളുടെ ആവശ്യപ്രകാരമാണ് ഉയരം കൂട്ടിയതെന്നും, 128 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതെങ്കിലും ഉയരം കൂടിയതു കാരണം 114.75മീറ്റർ നീളത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും , അടങ്കലിലെ അളവുകൾക്ക് മാറ്റം വരുത്താതെ നിർമ്മാണം പൂർത്തീകരിച്ചതിനാലും structural alteration ഇല്ലാത്തതിനാലും പരിഷ്കരിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ട ആവശ്യം ഇല്ലെന്നും മറുപടി നല്കി. 128 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനു പകരം 114.75മീറ്റർ നീളത്തിൽ നിർമ്മാണം നടത്തിയിട്ട് structural alteration ഇല്ലാ എന്ന മറുപടി അംഗീകരിക്കുന്നില്ല. അധികം നല്കിയിട്ടുള്ള 78440/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-9 കരാർ വയ്ക്കുന്നതിന് താമസിച്ചവരലിൽ നിന്നും നിയമാനുസൃത പിഴ

ഈടാക്കിയിട്ടില്ല, ,പഞ്ചായത്ത് ഫണ്ടിന് **78741/-** രൂപയുടെ നഷ്ടം

കേരള പൊതുമരാമത്ത് മാന്വൽ (2012 ൽ പരിഷ്കരിച്ചത്) 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ച് കഴിഞ്ഞാൽ 7 ദിവസത്തിനുള്ളിൽ സെലക്ഷൻ നോട്ടീസ് നൽകേണ്ടതും, തെരെഞ്ഞെടുക്കപ്പെട്ട കരാറുകാരൻ പരമാവധി 14 ദിവസത്തിനകം കരാറിൽ ഏർപ്പെടേണ്ടതുമാണ്. കറാറുകാരൻ എന്ന് തന്നെ കൈപ്പറ്റിയാലും രജിസ്റ്റർ ചെയ്തയക്കുന്ന തീയതി തന്നെയാണ് കൈപ്പറ്റ് തീയതിയായി കണക്കാക്കേണ്ടത്. ഇതിനുശേഷം കരാർ തുകയുടെ 1% പിഴ ഈടാക്കികൊണ്ട് (കുറഞ്ഞത് 1000 രൂപ, പരമാവധി 25000 രൂപ) 10 ദിവസം കൂടി കരാറിൽ ഏർപ്പെടാൻ അനുവദിക്കാവുന്നതാണ്. എന്നാൽ താഴെക്കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനു ശേഷം കരാറിലേർപ്പെട്ടിട്ടുള്ളവരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ടുന്ന 1% പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തി യുടെ പേര് | കരാറുകാരന്റെ പേര് | നോട്ടീസ് അയച്ച് തീയതി | കരാറിലേർപ്പെട്ട തീയതി | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | ഇലപ്പിക്കോണം എസ്സാന ഓടയ്ക്ക് കവറിംഗ് സ്ലാബ് | ശ്രീ.ഹരി കുമാർ | 16-07-15 | 04/08/15 | 840306 | 8403 |
| 2 | കന്യാകുഴി തുണ്ടുവിള റോഡ് റീ ടാറിംഗ് | ശ്രീ.ബി വിക്രമൻ | 16-07-2015 | 03/08/15 | 413065 | 4131 |

| | | | | | | |
|---|---|---|---|---|---|---|
| 3 | പഴവിളമുക്ക് മേച്ചിറമുക്ക് റോഡ് റീ ടാറിംഗ് | ശ്രീ.ബി വിക്രമൻ | 16-07-2015 | 03/08/15 | 413296 | 4133 |
| 4 | പഴയ റേഷൻ കടമുക്ക് മണ്ണംഞ്ചേരി ക്ഷേത്രം | ശ്രീ.എസ് പ്രദീപ് | 16-07-15 | 04/08/15 | 429030 | 4290 |
| 5 | ചെറുപുഷ്പം ഏലാതോട് സൈഡ് വാൾ | ശ്രീ.എച്ച് നാസറുദ്ദീൻ | 07/12/15 | 31-12-15 | 859422 | 8594 |
| 6 | വലിയവിള സുനാമി ഫ്ലാറ്റ ലൈറ്റ് ഹൗസ് റോഡ് | ശ്രീ.എസ് അനിൽ കുമാർ | 16-07-2015 | 04/08/15 | 867005 | 8670 |
| 7 | കുറ്റിയിൽ മുക്ക് ശിവറാം വർക്ക് ഷോപ്പ് റോഡ് | ശ്രീ.എസ് പ്രദീപ് | 16-07-2015 | 04/08/15 | 418564 | 4186 |
| 8 | കോട്ടയ്ക്കുവയൽ ചാനി തൊടി ഓടനിർമ്മാണം | ശ്രീ.എസ് അനിൽ കുമാർ | 16-07-2015 | 04/08/15 | 971061 | 9711 |

| | | | | | | |
|---|---|---|---|---|---|---|
| 9 | പഴയ റേഷൻ കടമുക്ക് നബാർഡ് ജംഗ്ഷൻ | ശ്രീ.എസ് പ്രദീപ് | 16-07-2015 | 04/08/15 | 426478 | 4265 |
| 10 | കളയ്ക്കൽ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം റോഡ് | ശ്രീ.ജി വിജയൻ പിള്ള | 16-07-2015 | 03/08/15 | 428843 | 4288 |
| 11 | അമ്പനാട്ടിൽ മുക്ക് മുതിരകുളം റോഡ് പുനരുദ്ധാരണം | ശ്രീ.ജി വിജയൻ പിള്ള | 16-07-2015 | 03/08/15 | 857330 | 8573 |
| 12 | മാമ്പുഴ ആമ്പല്ലൂർ ഓടയ്ക്ക് സ്ലാബിടൽ | ശ്രീ.ജി രാധാകൃഷ്ണ പിള്ള | 07/01/15 | 11/02/15 | 949768 | 9497 |
| | | ആകെ | | | | 78741 |

ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 7 /20-02-201) നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം പിഴ ഈടാക്കിയിട്ടില്ല.. ആയതിനാൽ നിയമാനുസൃതമായി ഈടാക്കേണ്ടുന്ന പിഴ 78741 രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ പിഴ ഈടാക്കേണ്ടുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## **3-10** <u>നെടുമ്പന സി.എച്ച്.സി. യ്ക്ക് മരുന്ന് വാങ്ങൽ-</u>

**2,60,562/-രൂപയുടെ മരുന്നുകൾ ലഭിച്ചില്ല.**

മെഡിക്കലോഫീസർ സി.എച്ച്.സി.നെടുമ്പന നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റ് നം.13/16(നെടുമ്പന സി.എച്ച്.സി.-യ്ക്ക് മരുന്ന് വാങ്ങൽ) പ്രകാരം നെടുമ്പന സി.എച്ച്.സി.-യിലേയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 7,00,000/- രൂപ ബിൽ നം.5/15-16/12.10.15 മുഖേന കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. (ഡി.ഡി.നം.243384/13.10.15) എന്നാൽ 2,60,562/- രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ 2,60,562/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 പൈപ്പ് ലൈൻ നീട്ടൽ - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ.

1.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് നം. 6/16 (പൈപ്പ് ലൈൻ നീട്ടൽ -ജനറൽ) പ്രകാരം വികസനഫണ്ടിൽ നിന്നും 26,15,254/-രൂപ ബിൽ നം. 1/2015-15/22.1.16 മുഖേന പിൻവലിച്ച് കേരള വാട്ടർഅതോറിറ്റി, പി. എച്ച്.ഡിവിഷൻ, കൊല്ലത്തിന് 22,87,908/-രൂപയും (ഡി.ഡി.നം.119264/22.1.16) പി.എച്ച്. ഡിവിഷൻ, കൊട്ടാരക്കരയ്ക്ക് 3,27,346/-രൂപയും (ഡി.ഡി.നം. 119261/22.1.16) നൽകി. കൂടാതെ, പ്രോജക്റ്റ് നം.7/16 (പൈപ്പ് ലൈൻ നീട്ടൽ – എസ്.സി.പി.) പ്രകാരം വികസനഫണ്ടിൽ നിന്നും 32,57,902/-രൂപ ബിൽ നം.1/15-16/221.16 മുഖേന പിൻവലിച്ച് കേരള വാട്ടർ , പി.എച്ച്.ഡിവിഷൻ,കൊല്ലത്തിന് 23,51,330/-രൂപയും(ഡി.ഡി.നം.119262/22.1.16) പി.എച്ച്.ഡിവിഷൻ, കൊട്ടാരക്കരയ്ക്ക് 9,06,572/-രൂപയും (ഡി.ഡി.നം. 119263/22.1.16) നൽകി. തൃക്കോവിൽവട്ടം, മയ്യനാട്, കൊറ്റങ്കര, നെടുമ്പന ഗ്രാമ പഞ്ചായത്തുകളിൽ കുടിവെള്ള പൈപ്പ് ലൈനുകളില്ലാത്ത പ്രയോഗക്ഷമമായ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിനുവേണ്ടി ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റുകൾ പ്രകാരമാണ് തുകകൾ നൽകിയിട്ടുള്ളത്. പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു;

(1) 30.07.2014-ലെ സർക്കാർ ഉത്തരവ് നം.ജി.ഒ.(പി) 311/14/ഫിൻ പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂറായി എസ്റ്റിമേറ്റിന്റെ 20% തുകയും തുടർന്നുള്ള തുകകൾ ചെയ്ത പ്രവൃത്തിയുടെ മൂല്യമനുസരിച്ച് 15% -ൽ കവിയാതെ 5

ഗഡുക്കളായും ആണ് നൽകേണ്ടത്. എന്നാൽ ഇതിനുവിരുദ്ധമായി മുഴുവൻ തുകയും ആദ്യം തന്നെ നൽകി.

(2) ടി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകളിൽ 12.50% നിരക്കിൽ സെന്റേജ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ടി സർക്കാർ ഉത്തരവ് പ്രകാരം നൽകാവുന്ന സെന്റേജ് ചാർജ് 8% ആണ്.

(3). 16.11.2013-ലെസർക്കാർ ഉത്തരവ് നം.ജി.ഒ.(എം.എസ്.)362/13 /എൽ.എസ്.ജി.ഡി. പ്രകാരം പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക 11.13(viii) പ്രകാരം സംയുക്ത പ്രോജക്ടായി ബ്ലോക്കുപഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പദ്ധതികളിൽ ടി പദ്ധതികൾ ഉൾപ്പെടുന്നില്ല.

(4)ടി പദ്ധതികൾ പൂർത്തീകരിച്ചത് സംബന്ധിച്ച റിപ്പോർട്ട്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.1/17.2.2017)-യ്ക്ക് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ അടിയന്തിരമായി തുക ഒടുക്കാൻ ആവശ്യപ്പെട്ടതിനാൽ മുഴുവൻ തുകയും നൽകിയെന്നും സെന്റേജ് ചാർജിനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്നും മറുപടി നൽകി. ഈ സാഹചര്യത്തിൽ സെന്റേജ് ചാർജിനത്തിൽ അധികം നൽകിയ 2,64,292/- രൂപ (26, 15, 254 + 32,57, 902x 4.5%) അടിയന്തിരമായി തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി നിർവ്വഹിച്ചതിന് വിശദീകരണം നൽകേണ്ടതും പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

## **3-12** ടെണ്ടർ ക്ഷണിക്കാതെ സിഡ്കോയിൽ നിന്നും പ്ലാസ്റ്റിക് കസേര വാങ്ങി- **25,200/-** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റ് നം.17/16 (വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണ്ണീച്ചർ) പ്രകാരം ടെണ്ടർ ക്ഷണിക്കാതെ സിഡ്കോയിൽ നിന്നും "നീൽകമൽ" ബ്രാൻഡിലുള്ള 40 പ്ലാസ്റ്റിക് കസേരകൾ നികുതിയുൾപ്പടെ 630/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്.(ബിൽ നം. 3/15-16 /26.2.16). ടെണ്ടറില്ലാതെ സിഡ്കോയിൽ നിന്നും പ്ലാസ്റ്റിക് കസേര വാങ്ങാൻ വ്യവസ്ഥയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.

2/17.2.16) -യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 25,200/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 നെൽകൃഷി വികസനത്തിനായി കൂലി ചെലവ് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല -133200/-രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് നമ്പർ:16/16

ബിൽ നമ്പർ :2/15-16/25.01.16,144000/- രൂപ

:4/15-16/17.03.16,52200/- രൂപ

വികസന ഫണ്ട് :196200/-രൂപ

നിർവഹണ ഉദ്യോഗസ്ഥൻ : കൃഷി അസിസ്റ്റന്റ് ഡയറക്ടർ.

നെടുമ്പന,തൃക്കോവിൽവട്ടം ,കൊറ്റങ്കര,ഇളമ്പള്ളൂർ എന്നീ പഞ്ചായത്തുകളുമായി ചേർന്നു കൃഷിക്ക് കൂലി ചെലവ് നല്കുന്നതിനു വേണ്ടി നടത്തിയ പ്രോജക്ടിന്റെ ഭാഗമായി ഒരു ഹെക്ടർ നെൽ കൃഷി ചെയ്യുന്നതിന് ബ്ലോക്കിന്റെ വിഹിതമായി ആകെ കൂലി ചെലവിന്റെ 15% നൽകിയിട്ടുള്ളതാണ്.എന്നാൽ ബിൽ പ്രകാരം നൽകിയ തുകയുടെ വിനിയോഗ്യാസാക്ഷ്യപത്രം,കൂലി ചെലവ് സ്റ്റേറ്റ്മെന്റ് എല്ലാം തന്നെ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.വിവരം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | ബിൽ നമ്പർ/തീയതി | തുക (രൂപ ) | ലഭ്യമാകാത്ത രേഖകൾ |
|---|---|---|---|
| നെടുമ്പന | 2/15-16/25.01.16 | 81000 | കൂലി ചെലവ് സ്റ്റേറ്റ്മെന്റ് |
| തൃക്കോവിൽവട്ടം | 4/15-16/17.03.16 | 1350- | വിനിയോഗ്യ സാക്ഷ്യപത്രം, കൂലി ചെലവ് സ്റ്റേറ്റ്മെന്റ് |
| കൊറ്റങ്കര | 4/15-16/17.03.16 | 9000 | വിനിയോഗ്യ സാക്ഷ്യപത്രം, |

| | | | |
|---|---|---|---|
| | | | കൂലി ചെലവ് സ്റ്റേറ്റ്മെന്റ് |
| ഇളമ്പള്ളൂർ | 4/15-16/17.03.16 | 29700 | വിനിയോഗ്യ സാക്ഷ്യപത്രം,കൂലി ചെലവ് സ്റ്റേറ്റ്മെന്റ് |

വിനിയോഗ്യസാക്ഷ്യപത്രം, കൂലി ചെലവ് സ്റ്റേറ്റ്മെന്റ് രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന്ന് (10/21.02.2017)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പരിശോധനയ്ക്ക് ഹാജരാക്കാത്ത മേൽ പറഞ്ഞ ബില്ലുകളിലെ തുക ആയ 133200/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

**3-14** <u>ശരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നല്കിയതിന്റെ വിനിയോഗസാക്ഷ്യപത്രം,രേഖകൾ ഹാജരാക്കിയില്ല **-220000/-**രൂപ തടസ്സപ്പെടുത്തുന്നു</u>

ബിൽ നമ്പർ :2/15-16/29.03.16

വികസനഫണ്ട് :220000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ:ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ.

മയ്യനാട്,നെടുമ്പന, ഇളമ്പള്ളൂർ എന്നീ പഞ്ചായത്തുകളുമായി, സംയുക്തമായി നടപ്പിലാക്കിയ ശരീരിക,മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പ്രോജെക്ടിന് വേണ്ടി താഴെ പറയുന്ന പ്രകാരം മൂന്ന് പഞ്ചായത്തുകൾക്കും തുക നൽകിയിട്ടുണ്ട്.

മയ്യനാട് -70000/-രൂപ

ഇളമ്പള്ളൂർ -70000/-രൂപ

നെടുമ്പന-80000/-രൂപ

ഇളമ്പള്ളൂർ പഞ്ചായത്തിനുവേണ്ടി നൽകിയ 70000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ മയ്യനാട്, നെടുമ്പന, ഇളമ്പള്ളൂർ എന്നീ പഞ്ചായത്തു സെക്രട്ടറിമാരുടെ റീക്വിസിഷൻ

ലെറ്റർ, പഞ്ചായത്തുകളുടെ പ്രോജക്ടുകൾ, ശാരീരിക വെല്ലുവിളികൾ ഉള്ള വിദ്യാർഥികൾ ഏതൊക്കെ ക്ലാസുകളിൽ ആണ് പഠിക്കുന്നത് എന്നും അവർക്കു അനുവദിച്ച സ്കോളർഷിപ്പ് തുകയുടെ വിവരവും ഗുണഭോക്തൃ ലിസ്റ്റ് എന്നിവയും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/18.02.2017)നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് ചെയ്ത 220000/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു . രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-15 രേഖകൾ ഹാജരാക്കിയില്ല-തുക തടസപ്പെടുത്തുന്നു

Dated : **21-02-2017**

2015-16 സാമ്പത്തിക വർഷത്തിൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തനതു ഫണ്ടിൽ നിന്നും വൗച്ചർ മുഖാന്തിരം ചെലവഴിച്ച താഴെ പറയുന്ന ചെലവുകളുടെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ | ചെക്ക് നമ്പർ/ തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ജിപിജി5/15-16/28.4.15<br>വിവിധ കമ്മിറ്റികൾക്ക് ചായ, ലഘു ഭക്ഷണം | 1901321/ 28.4.15 | 3895 | വൗച്ചർ ഹാജരാക്കിയില്ല |
| 2 | ജിപിജി9/15-16/3.7.15<br>സാക്ഷരതാ പ്രേരകുമാരുടെ ഹോണറേറിയം | 2198503,2198504, 2198505/3.7.15 | 31500 | വൗച്ചർ ഹാജരാക്കിയില്ല |
| 3 | ജിപിജി17/15-16/21.8.15<br>പരസ്യകൂലിയിനത്തിൽ ദേശാഭിമാനിക്ക് നൽകേണ്ട തുക | 2198514/21.8.15 | 29210 | വൗച്ചർ ഹാജരാക്കിയില്ല |
| 4 | സിബി 2/15-16കറണ്ട് ബിൽ നമ്പർ.828512<br>കൺസ്യൂമർ നമ്പർ.15273 | 726709/15.5.15 | 10758 | വൗച്ചർ ഹാജരാക്കിയില്ല |
| 5 | സിബി 7/15-16 | 727111/21.8.15 | 5000 | വൗച്ചർ ഹാജരാ |

| | | | | |
|---|---|---|---|---|
| | ട്രെയിഡ് ഫെയർ ആവശ്യത്തിനായി അനുവദിച്ച തുക | | | ക്കിയില്ല |
| 6 | സിബി 20/15-16<br>ഗ്രാമ വികസന വാരാഘോഷത്തോടനുബന്ധിച്ച് അധികമായി ചെലവായതിന് അനുവദിച്ച തുക | 727109/28.10.15 | 3644 | വൗച്ചർ ഹാജരാക്കിയില്ല |
| | | ആകെ | 84007 | |

ഇത് സംബന്ധിച്ച വിശദീകരണം രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും (നമ്പർ.8/21.2.17) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 84007/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർഅതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ(ജനറൽ) | 119264 | 2287908 | - | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കേരള വാട്ടർഅതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി) | 119262 | 2351330 | - | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർഅ തോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ(ജനറൽ) | 119261 | 327346 | 205360 | 121986 |
| കേരള വാട്ടർഅ തോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി) | 119263 | 906572 | | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ സംസ്ഥാന വിഹിതം | ജി.ഒ.എം.എസ് നമ്പർ. 90/13/ എൽ.എസ്.ജി.ഡി, തീ.14.3.13 | 5401000 | 5401000 | - | 89390 | 6965069 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട

ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 24 | 2001-02 | 2-12 | കൊയ്ത്തു മെതിയന്ത്രം വാങ്ങിച്ചത് പാഴ്ചെലവ് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 125101097 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 118327760 |
| വരവിനങ്ങളിലുള്ള നഷ്ടം | : | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 524125 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 722969 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 73053 | ശ്രീ എം ജെ അരവിന്ദാക്ഷൻ ചെട്ടിയാർ, പട്ടികജാതി വികസന ഓഫീസർ |

| | | | |
|---|---|---|---|
| 3-2 | | 35221 | ശ്രീ .എം. എസ് അനിൽ കുമാർ, സെക്രട്ടറി |
| 3-3 | | 9195 | ശ്രീ.കെ സുനിൽ കുമാർ,അസി. എക്സി. എഞ്ചിനീയർ |
| 3-4 | | 20000 | വെറ്ററിനറി സർജൻ |
| 3-5 | | 153512 | ശ്രീ. വേണു, കൃഷി അസി. ഡയറക്ടർ |
| 3-6 | | 11354 | ശ്രീ .എം. എസ് അനിൽ കുമാർ, സെക്രട്ടറി |
| 3-8 | | 78440 | ശ്രീ.കെ സുനിൽ കുമാർ,അസി. എക്സി. എഞ്ചിനീയർ |
| 3-9 | | 78741 | ശ്രീ.കെ സുനിൽ കുമാർ,അസി. എക്സി. എഞ്ചിനീയർ |
| 3-7 | | 64609 | ശ്രീ.കെ സുനിൽ കുമാർ,അസി. എക്സി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-11 | 260562 |
| 3-12 | 25200 |
| 3-13 | 133200 |
| 3-14 | 220000 |
| 3-15 | 84007 |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ എം ജെ അരവിന്ദാക്ഷൻ ചെട്ടിയാർ, പട്ടികജാതി വികസന ഓഫീസർ | അസി.ജില്ലാ മലപ്പുറംപട്ടികജാതി വികസന ഓഫീസർ | ദ്രൗപദിവിലാസം,സുരഭിനഗർ, ഹൗസ് നമ്പർ 148,പട്ടത്താനം , അയത്തിൽ പി ഒ, കൊല്ലം |
| ശ്രീ .എം. എസ് അനിൽ കുമാർ, സെക്രട്ടറി | സെക്രട്ടറി,കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | നിത്യ ചൈതന്യ ഭവൻ, തെക്കേമുറി ,ഈസ്റ്റ് കല്ലട,691502 |
| ശ്രീ.കെ സുനിൽ കുമാർ,അസി. എക്സി. എഞ്ചിനീയർ | അസി. എക്സി. എഞ്ചിനീയർ,കൊല്ലം ജില്ലാ പഞ്ചായത്ത് | സുനിൽ ഭവൻ, മൈലക്കാട്, കൊല്ലം-691571 |
| വെറ്ററിനറി സർജൻ | | |
| ശ്രീ. വേണു, കൃഷി അസി. | കൃഷി അസി. ഡയറക്ടർ, ഇരവിപുരം | മാലേയം, നടുവത്ത്ചേരി,ചവറ സൗത്ത് പിഒ.,പിൻ.691584 |

| | | |
|---|---|---|
| ഡയറക്ടർ | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96<br>1996-97<br>1997-98 | എൽ.എഫ്.ക്യൂ.ഡി.ബി.502/9/31.07.09 /14.12.19992 | | |
| 1998-99 | എൽ.എഫ്.ക്യൂ.ഡി.ബി. 1392/00 24.05.01 | 8 | |
| 1999-00 | എൽ.എഫ്.ക്യൂ.ഡി.ബി.1343/00/15-02-01 | 3 | |
| 2000-01<br>2005-06 | എൽ.എഫ്.ക്യൂ.ഡി.ബി.1364/06/20-04-07 | 23 | |
| 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി.783/09/24-03-10 /12-04-10 | 13 | |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി.783/09/24-03-10 /12-04-10 | 9 | |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി.340/11/12-08-11 | 13 | |

| | | | |
|---|---|---|---|
| | /13-10-11 | | |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി.1951/11/7-05-12 | 3 | |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി.1951/11/7-05-12 | 8 | |
| 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി.861/13/19-09-13 /30-11-13 | 14 | |
| 2012-13 2013-14 | എൽ.എഫ്.ക്യൂ.ഡി.ബി.2395/14/4-03-15 /6-03-15 | | |
| 2014-15 | കെ എസ് എ കെ എൽ എം ഡി ബി1625/16 ,/02-02-2017 | | |

## 4-10

## സാക്ഷ്യപത്രം 2015-16

നം.കെ.എസ്.എ.കെ.എൽ.എംഡി.ബി.456/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി, 12.03.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ്

ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം